# സമഗ്ര വിദ്യാഭ്യാസ പദ്ധതി

# ഉണർവ്വ്

## അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025–26

**എസ്.സി.വി.ബി.എച്ച്.എസ്**
**ചിറയിൻകീഴ്**

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ശ്രീ ചിത്തിര വിലാസം ബോയ്സ് ഹൈസ്കൂൾ<br>(നോബിൾ ഗ്രൂപ്പ് ഓഫ് സ്ക്കുൾസ്) |
| വിലാസം | : | ശാർക്കര,ചിറയിൻകീഴ് |
| ഫോൺ | : | 0470-2640208 |
| സ്കൂൾ കോഡ് | : | 42013 |
| വിദ്യാഭ്യാസ ഉപജില്ല | : | ആറ്റിങ്ങൽ |
| വിദ്യാഭ്യാസ ജില്ല | : | ആറ്റിങ്ങൽ |
| ബി.ആർ.സി | : | ആറ്റിങ്ങൽ |
| ഗ്രാമപഞ്ചായത്ത് | : | ചിറയിൻകീഴ് |
| ബ്ലോക്ക് പഞ്ചായത്ത് | : | ചിറയിൻകീഴ് |
| ജില്ലാ പഞ്ചായത്ത് | : | തിരുവനന്തപുരം |
| താലൂക്ക് | : | ചിറയിൻകീഴ് |
| വില്ലേജ് | : | ശാർക്കര |
| ഇ-മെയിൽ | : | scvbhschirayimkeezhu@gmail.com |

# ഉള്ളടക്കം

1. ആമുഖം

2. ലക്ഷ്യങ്ങൾ

3. വിദ്യാലയത്തിന്റെ ലഘുചരിത്രം

4. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

5. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ

6. പദ്ധതി വിശദാംശങ്ങൾ (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)

7. പ്രതിസന്ധിയും പരിമിതിയും

10. മികവുകൾ, നേട്ടങ്ങൾ (നടപ്പുവർഷം, മുൻവർഷം)

# ആമുഖം

നല്ല സമൂഹത്തെ വാർത്തെടുക്കുന്നതിൽ വിദ്യാലയങ്ങൾക്കുള്ള പങ്ക് വളരെ വലുതാണെന്ന തിരിച്ചറിവാണ് 1917-ൽ എസ്. സി. വി. ഗ്രൂപ്പ് ഓഫ് സ്കൂൾ സ്ഥാപിക്കാൻ ശ്രീ.എം.പി. പരമേശ്വരൻ പിള്ളയെ പ്രേരിപ്പിച്ചത്. ശാർക്കര ദേവീ ക്ഷേത്രത്തിന് സമീപം സ്ഥിതി ചെയ്യുന്ന ഈ സ്ഥാപനം വളർച്ചയുടെ പടവുകൾ കടന്ന് ഇന്ന് കാണുന്ന രൂപത്തിൽ തിരുവനന്തപുരം ജില്ലയിലെ ഒരു പ്രധാന വിദ്യാലയമായി അിറയപ്പെടുന്നു. ശദാബ്ദി ആഘോഷിക്കുന്ന ഈ വിദ്യാലയം കാലാകാലങ്ങളായി വന്ന മാനേജർമാരുടെയും പഞ്ചായത്ത് അധികൃതരുടേയും പൊതുകാര്യപ്രസക്തരുടേയും ശ്രമഫലമായി അനുദിനം വളർന്നു. സാമൂഹ്യ രാഷ്ട്രീയ കലാമേഖലകളിൽ പേരെടുത്തു പറയാവുന്ന പ്രശസ്തന്മാർ ഈ വിദ്യാലയത്തിന്റെ തിരുമുറ്റത്തുനിന്ന് പഠിച്ചിറങ്ങിയവരാണ്. പത്മശ്രീ പ്രേംനസീർ, ഭരത് ഗോപി, ശോഭനാ പരമേശ്വരൻ നായർ, ജി.ശങ്കരപ്പിള്ള എന്നിവർ അവരിൽ ചിലർ മാത്രമാണ്. കായിക, കലാ പ്രവർത്തിപരിചയ മേഖലകളിൽ സതുത്യർഹമായ നേട്ടങ്ങൾ കൈവരിച്ച് അന്നും ഇന്നും ഈ വിദ്യാലയ മുത്തശ്ശി തലയെടുപ്പോടെ നിൽക്കുന്നു. ഈ വർഷം ജില്ലാ സംസ്ഥാന മത്സരങ്ങൾക്കു പുറമെ ദേശീയ മത്സരത്തിലും ഈ സ്ക്കൂളിലെ കുട്ടികൾക്ക് പങ്കെടുക്കാനും മികച്ച വജയം കൈവരിക്കാനും സാധിച്ചു. ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി പരീക്ഷയിൽ (100% വിജയം നേടാൻ കഴിഞ്ഞു. ഈ പ്രവർത്തനങ്ങൾക്ക് അധ്യാപക- രക്ഷകർത്തക സമിതി, പൂർവ്വവിദ്യാർത്ഥി സംഘടന, മാതൃസമിതി എന്നിവയുടെ പങ്കാളിത്തം വളരെ വലുതാണ്.

## കുട്ടികളുടെ എണ്ണം 2017 - 2025

| വിഭാഗം | എണ്ണം |
|---|---|
| V | 67 |
| VI | 73 |
| VII | 59 |
| VIII | 121 |
| IX | 109 |
| X | 146 |

## നിലവിലുള്ള ജീവനക്കാരുടെ എണ്ണം

<table>
<tr><th>വിഭാഗം</th><th>അധ്യാപകരുടെ എണ്ണം</th><th>അധ്യാപകരുടെ എണ്ണം</th></tr>
<tr><td>HM</td><td>1</td><td rowspan="3">4</td></tr>
<tr><td>UP</td><td>12</td></tr>
<tr><td>HS</td><td>15</td></tr>
</table>

# ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാകുട്ടികളും അതാത് ക്ലാസ്സിൽ നേടേണ്ട പഠ നശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- ഓരോ ഘട്ടം പൂർത്തിയാക്കുമ്പോഴും കുട്ടി കൈവരിക്കേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷാകർത്താക്കളടക്കമുള്ള സമു ഹത്തെ അറിയിക്കുക.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവിനെ പര മാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങക കൈവരിക്കാൻ പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കാനും, വായിക്കാനും, എഴുതാനും ഉള്ള കഴിവുകൾ ഉറപ്പ് വരുത്തുക.
- എല്ലാ കുട്ടികളും ഓരോ പ്രായഘട്ടത്തിന് അനുയോജ്യമായ വിധത്തിൽ മികച്ച നിലയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്നുറ പ്പാക്കുക.
- .കുട്ടികളുടെ സർവ്വതോന്മുഖമായ പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗ മായി ആധുനിക സാങ്കേതികസാധ്യത പ്രയോജനപ്പെടുത്തുക.
- ഭാഷ, ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളുടെ ആശയങ്ങളും ധാരണകളും ഉപയോഗപ്പെടുത്തി പ്രശ്ന പരിഹരണ ശേഷിയും സർഗ്ഗാത്മകതയും കൈവരുത്തുക.

# വിദ്യാലയ ചരിത്രം

ശ്രീ.സ്വാതിതിരുനാൾ രാമവർമ്മ മഹാരാജവിന്റെ ഭരണകാലത്ത് 1834-ൽ ചിറയിൻകീഴിൽ ഒരു ഇംഗ്ലീഷ് സ്കൂൾ സ്ഥാപിച്ചു. പിൽക്കാലത്ത് ഈ സ്കൂൾ ആറ്റിങ്ങലിയ്ക്ക് മാറ്റി ഉദ്ദേശം 40 വർഷക്കാലം ചിറയിൻകീഴിൽ ഇംഗ്ലീഷ് സ്കൂൾ ഇല്ലാതെയായപ്പോൾ 1917-ൽ ഇപ്പോഴത്തെ എസ്.സി.വി.ബി ഗ്രൂപ്പ് ഓഫ് സ്കൂളിന്റെ സ്ഥാപക മാനേജർ ആയ ശ്രീ.എം.പരമേശ്വരൻ പിള്ളയുടെ ശ്രമഫലമായി ഒരു പുതിയ ഇംഗ്ലീഷ് സ്കൂൾ ആരംഭിച്ചു. ആദ്യ രണ്ട് മൂന്ന് വർഷകാലം ഈ സ്കൂൾ വെട്ടത്തുവിള എന്ന സ്ഥലത്താണ് പ്രവർത്തിച്ചിരുന്നത്. ഈ സ്ഥലം ഇപ്പോൾ താലൂക്കാശുപത്രി കോംപൗണ്ടിൽ ഉൾപ്പെട്ടിരിക്കുന്നു. അതിന് ശേഷം അദേഹത്തിന്റെ തറവാട്ട് വീടായ കടയിൽ വീട്ടിൽ ഉണ്ടായിരുന്ന വിശാലമായ അടിച്ചുക്കൂട്ടുപുരയിലേക്ക് ഈ സ്ഥാപനം മാറ്റി. രണ്ട് വർഷം കഴിഞ്ഞ് സ്ഥാപക മാനേജരുടെ സഹധർമിണിയായ പാലവിള കാർത്തിയാനി അമ്മയുടെ തറവാട്ടുവകയും സ്കൂൾ ഇപ്പോൾ സ്ഥിതി ചെയ്യുന്നതുമായ വിശാലമായ പറമ്പിലേയ്ക്ക് മാറ്റി സ്ഥാപിച്ചു. ശാർക്കരദേവി ക്ഷേത്രത്തിന് തൊട്ടുടുത്തുള്ള പുരയിടത്തിൽ സ്ഥിതിചെയ്യുന്ന ഈ സ്ഥാപനം വളർച്ചയുടെ പല പടവുകൾ കടന്ന് ഇന്ന് കാണുന്ന രൂപത്തിൽ ഒരു പ്രധാനവിദ്യാലയമായി അറിയപ്പെടുന്നു. 1933-ൽ ഈ സ്കൂളിനോട് അനുബന്ധിച്ച് ഒരു അധ്യാപക പരിശീലന കേന്ദ്രവും ആ മാതൃക എൽ.പി.എസും കൂട്ടിച്ചേർത്തും 1906 ൽ അധ്യാപക പരിശീലന കേന്ദ്രം നിർത്തലാക്കി.

1945ൽ ഈ സ്കൂൾ ഇംഗ്ലീഷ് ഹൈസ്കൂളായി ഉയർത്തപ്പെട്ടു. 1961ൽ കുട്ടികളുടെ എണ്ണം 2500ൽ അധികരിച്ചപ്പോൾ സർക്കാർ നിർദേശപ്രകാരം ഈ സ്കൂളിനെ ശ്രീചിത്തിരവിലാസം ബോയിസ്ഹൈസ്കൂളും ശ്രീശാരദവിലാസം ഗേൾസ് ഹൈസ്കൂളുമായി വിഭജിച്ചു. തുടർന്ന് ഇങ്ങോട്ടുള്ള സ്കൂളിന്റെ പ്രയാണം വളരെ വേഗത്തിലായിരുന്നു. 2010-ൽ സ്ക്കൂളിന്റെ മാനേജർ സ്ഥാനം നോബിൾ-ഗ്രൂപ്പിന്റെ മാനേജിംഗ് ഡയറക്ടർ ശ്രീ.പി.സുഭാഷ് ചന്ദ്രൻ ഏറ്റെടുത്തു. തുടർന്ന് അദ്ദേഹത്തിന്റെ നേതൃതത്തിൽ നടന്ന പ്രവർത്തനഫലമയി ഭൗതിക സാഹചര്യത്തിലും അക്കാദമിക നിലവാരത്തിലും സമൂലമായ പരിവർത്തനം ഉണ്ടായി. ഇതിന്റെ ഫലമായി ഓരോ വർഷവും പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ ക്രമാനുഗതമായ വർദ്ധനയുണ്ടായി. ഇന്ന് 858 കുട്ടികളും 34 അധ്യാപകരും 5 അനധ്യാപകരുമായി പ്രദേശത്തെ മികച്ച വിദ്യാലയമായി ഈ വിദ്യാലയം തലയുർത്തി നിൽക്കുന്നു.

# വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

1. പഠന - പഠനാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
2. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
3. പാർശ്വവത്ക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
4. ലോകത്ത് എവിടെയും സമാനപ്രായമായ കുട്ടികൾ ആർജ്ജിച്ചതിനെക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.
5. പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താത്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ▶ ഭാഷാശേഷി വികസനം<br>▶ ഗണിതശേഷി വികസനം<br>▶ ഇംഗ്ലീഷ് പഠനപരിപോഷണം<br>▶ ശാസ്ത്ര പോഷണ പരിപാടി<br>▶ വായനാ പരിപോഷണം<br>▶ ലബോറട്ടറി ആധുനിക വത്കരിക്കൽ<br>▶ ലൈബ്രറി ശാക്തീകരണം<br>▶ സാഹിത്യ പോഷണ പരിപാടികൾ<br>▶ പഠന യാത്രകൾ<br>▶ സെമിനാറുകൾ<br>▶ കലാ-കായിക മേള<br>▶ ഐ.ടി പരിശീലനം<br>▶ അദ്ധ്യാപക ശാക്തീകരണ പരിപാടികൾ<br>▶ ക്ലാസ്സ് പി.ടി.എ സജീവമാക്കൽ<br>▶ പ്രവർത്തി പരിചയ പഠനം<br>▶ ശാസ്ത്രാഭിരുചി വളർത്തൽ<br>▶ പച്ചക്കറിത്തോട്ടം<br>▶ മെഡിക്കൽ ക്യാമ്പ്<br>▶ ശാരീരിക - മാനസിക ഉല്ലാസം (സൂംബ) | ▶ ഡൈനിംഗ് ഹാൾ<br>▶ അസംബ്ലി ഹാൾ<br>▶ മാലിന്യ സംസ്കരണം<br>▶ ലബോറട്ടറി<br>▶ ചിത്രരചന<br>▶ കളിസ്ഥലം | ▶ പി.ടി.എ ശക്തിപ്പെടുത്തൽ<br>▶ പൂർവ്വ വിദ്യാർത്ഥി സംഘടന<br>▶ ക്ലാസ്സ് പി.ടി.എ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ<br>▶ ജീവകാരുണ്യ പ്രവർത്തനങ്ങൾ<br>▶ കാർഷിക ക്ലബ്ബ്<br>▶ ബോധവത് രണം<br>▶ ജനകീയ വായന |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 26 (ഹൈസ്കൂൾ)

**മലയാളം** **ക്ലാസ് :**

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീടെസ്റ്റ്, അക്ഷരം ഉറപ്പിക്കൽ അടയാളം ഉറപ്പിക്കൽ, അക്ഷര കാർഡ് നൽകൽ, വാക്കുകൾ എഴുതിയ കാർഡ്, വാക്കുകൾ നിർമ്മിക്കുക, ചിത്രം – അടിക്കുറിപ്പ്, ചിത്രം – കഥയെഴുതൽ ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | രണ്ട് മാസം | പി.ടി.എ<br>അധ്യാപികർ | പി.ടി.എ<br>രക്ഷകർത്താക്കൾ |
| 2 | ഭാഷാപരമായി കഴിവുള്ള കുട്ടികളെ കണ്ടെത്തി പൂർണ്ണതയിൽ എത്തിക്കുക | സർഗ്ഗാത്മ രചനകളിലുള്ള കഴിയുകൾ കണ്ടെത്താൻ പത്രവാർത്ത, ലൈബ്രറി പുസ്തകങ്ങൾ എന്നിവ വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുക.<br>അസംബ്ലിയിൽ പത്രവാർത്ത<br>എഡിറ്റോറിയൽ, പ്രഭാഷണം, കഥ, കവിത, ചിന്താവിഷയം എന്നിവയിൽ കഴിവ് വർദ്ധപ്പിക്കുക. | 10 മിനിട്ട്<br>30 മിനിട്ട്<br>30 മിനിട്ട് | ഹെഡ്മാസ്റ്റർ<br>അധ്യാപകർ | പി.ടി.എ<br>ഫണ്ട് |
| 3 | വായനയിലുള്ള കഴിവ് വർദ്ധിപ്പിക്കാൻ പാഠ്യ പദ്ധതിക്ക് പുറത്തുള്ള ദൃശ്യമാധ്യമങ്ങൾ പുസ്തകങ്ങൾ എന്നിവ പരിചയപ്പെടുത്താൻ | കളിവിളക്കിൽ, തിരിനാളം, ലത്തൽ ബത്തേരിയിലെ കാഴ്ചകൾ, കപ്പ വാട്ടിന്റെ കഥ വെള്ളത്തിന് തെളിയാതിരിക്കാനാവില്ല. തേൻ തുടങ്ങിയ നോവലുകളും കഥകളും വായിക്കുക. | 20 മിനിട്ട്<br>35 മിനിട്ട് | അധ്യാപകൻ | |

| | | | | | |
|---|---|---|---|---|---|
| | സഹായിക്കുക. കേട്ടെഴുതുക, ഉച്ചാരണം, ഒഴുക്ക് എന്നിവ വികസിപ്പിക്കുക | | | | |
| 4 | ഭാഷാപഠനത്തിൽ കരിക്കുലം ലക്ഷ്യമാകുന്ന പഠനനേട്ടങ്ങൾ കുട്ടികൾ ആർജിച്ചു എന്ന് ഉറപ്പാക്കുന്നതിന് | ആത്മകഥാ കുറിപ്പ് യാത്രാവിവരണം ദിനാചരണ റിപ്പോർട്ട് പ്രോജക്ട്, സെമിനാർ | 1 അധ്യയന വർഷം | സ്കൂൾ ലൈബ്രറി, അധ്യാപകർ, ഭാഷാധ്യാപകർ | പി.ടി.എ ഫണ്ട് |
| 5 | കുട്ടികളിലെ കൈയ്യക്ഷരത്തിലെ തെറ്റ്, വ്യവഹാരങ്ങൾ തെറ്റ് കൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക | പകർത്തി എഴുത്ത്, വിശദീകരണം വിശകലനം, തിരക്കഥ, താരതമ്യ പഠനം, അർത്ഥഭേദങ്ങൾ, വാക്യ ശുദ്ധി | 30 മിനിട്ട്<br>45 മിനിട്ട്<br>30 മിനിട്ട് | അധ്യാപകർ ഐ.ടി പുസ്തകങ്ങൾ | സ്കൂൾ |
| 6 | സാംസ്കാരികമായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് | ഭാരതകഥ, രാമായണം, സുകൃത ഹാരങ്ങൾ എന്ന ഒൻപതാം ക്ലാസിലെ പാഠം | ജൂൺ | ഹെഡ് മാസ്റ്റർ, അധ്യാപകർ ലൈബ്രറി | പി.ടി.എ |
| 7 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | എഴുത്തുക്കൂട്ടം രൂപീകരണം പുസ്തക ചർച്ച വായനാക്കുറിപ്പ് വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ ചുമർപത്രിക, വ്യക്തിഗത രചന, സംഘരചന | 1 വർഷം | അധ്യാപകർ രക്ഷകർത്താക്കൾ | പി.ടി.എ |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 26 (ഹൈസ്കൂൾ)

**ഇംഗ്ലീഷ്** **ക്ലാസ് :**

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധി ക്കാലം/ ശനിയാഴ്ചകൾ | പി.ടി.എ<br>അധ്യാപികർ | പി.ടി.എ<br>മാനേജർ |
| 2 | ഇംഗ്ലീഷ് ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക. | Clinema & Documentary - Progile & Script തയ്യാറാക്കുന്നതിനുവേണ്ടി English Cinema യുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കുന്നു<br>Role play, English Day ആചരണം Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം<br>അക്കാദമിക വർഷം | ടീച്ചേഴ്സ്<br>SRG<br>ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ്<br>മാനേജ്മെന്റ്<br>പി.ടി.എ<br>ഇംഗ്ലീഷ് ക്ലബ്ബ് |
| 3 | സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക. സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക. | School English Voice, അക്ഷര കാർഡ്, പദ കാർഡ് വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ<br>SRG<br>ടീച്ചേഴ്സ് | |
| 4 | നാടകീകരണം | English Assembly, Skit, Puppet Show English Lab | ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ<br>SRG<br>ടീച്ചേഴ്സ് | പി.ടി.എ |

| | | | | | |
|---|---|---|---|---|---|
| | | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet, Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു | ശനിയാഴ്ചകൾ, ക്യാമ്പ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |
| 5 | കവിതാലപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുക. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം<br><br>കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.<br><br>പ്രശസ്ത കവികളുമായുള്ള ആശയ വിനിമയം സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Reviews<br>രചനകളുടെ പ്രദർശനം (Magazine) | ക്ലാസ് പ്രവർത്തനങ്ങൾ<br><br>വെക്കേഷൻ ശനിയാഴ്ചകൾ<br><br>വർഷത്തിൽ രണ്ട് പ്രാവശ്യം | ടീച്ചേഴ്സ് പി.ടി.എ SRG<br><br>ടീച്ചേഴ്സ് പി.ടി.എ SRG<br><br>ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ്<br><br>ഇംഗ്ലീഷ് ക്ലബ്ബ്<br><br>പി.ടി.എ, മാനേജ്മെന്റ് |
| 6 | സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ, കോൺഫറൻസ് എന്നിവ നടത്തുന്നു.<br><br>English fest, English film കാണാനുള്ള അവസരം | വെക്കേഷൻ (ഓണം, ക്രിസ്മസ്)<br><br>അക്കാദമിക വർഷത്തിൽ ഒന്ന് | ടീച്ചേഴ്സ് പി.ടി.എ SRG<br><br>ഇംഗ്ലീഷ് ക്ലബ്ബ് | പി.ടി.എ, SRG മാനേജ്മെന്റ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 26 (ഹൈസ്കൂൾ)

**ഹിന്ദി** **ക്ലാസ് :**

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുക. | കഥ വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു | ജൂൺ മുതൽ | ഹിന്ദി ടീച്ചേഴ്സ് | |
| 2 | മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹി ത്യകാരൻമാരുടെ കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു. | ജൂൺ മുതൽ 30 മിനിട്ട് | | |
| 3 | ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. ദൃശ്യമാധ്യമങ്ങൾ പുസ്തകങ്ങൾ എന്നിവ പരിചയപ്പെടുത്താൻ | ക്ലാസിലെ ഓരോ വിദ്യാർത്ഥിയുടെയും ജനനതീയതി ഹിന്ദിയിൽ എഴുതാൻ പറയുന്നു. | ആഗസ്റ്റ് | ഹിന്ദി ടീച്ചേഴ്സ് | |
| 4 | നാമം, സർവ്വനാമം വിശേ ഷണം എന്നിവ മനസ്സി ലാക്കുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വ നാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. | ആഗസ്റ്റ് | ഹിന്ദി ടീച്ചേഴ്സ് | |
| 5 | ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോ ക്കം നിൽകുന്ന കുട്ടി കൾക്ക് | വർക്ക് ഷീറ്റുകൾ നൽകുന്നു, ചിത്രങ്ങൾ അടങ്ങി യ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ജൂൺ മുതൽ സെപ്തംബർ | | ഹിന്ദി ടീച്ചേഴ്സ് |

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തി ചേരുന്ന എല്ലാ കുട്ടികളും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.

2. ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടിയെന്ന് ഉറപ്പാക്കുക.

3. ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും, ദേശ സ്നേഹവും വളർത്തിയെടുക്കുന്നു.

4. ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 26 (യു.പി സെക്ഷൻ)

**ഹിന്ദി** **ക്ലാസ് :**

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | യു.പി.തലത്തിലെ എല്ലാ കുട്ടികൾക്കാം ഹിന്ദി ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുക. അക്ഷര ങ്ങളും, പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | ▶ അക്ഷരമാല കളികൾ<br>▶ ക്ലാസ്സിൽ അക്ഷരമാല പ്രദർശനം<br>▶ വാക്കുകൾ എഴുതിയ കാർഡുകൾ<br>▶ ചിഹ്നം ഉറപ്പിക്കൽ | ജൂൺ മുതൽ ആഗസ്റ്റ് | ഹിന്ദി അധ്യാപകർ | |
| 2 | വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കു ന്നതും, ഉപയോഗിക്കുന്ന തുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക) | ▶ CWSN കുട്ടികളുടെ പങ്കാളിത്തം<br>▶ വീട്ടിൽ ഉപയോഗിക്കുന്ന (ഗൃഹോപകര ണങ്ങൾ, അടുക്കളയിലെ സാധനങ്ങൾ പട്ടികപ്പെടുത്തുക. | സെപ്തംബർ മുതൽ ഒക്ടോബർ | | |

# Accademic Calender

जून 5 - पयविरण प्रदूषण दिवस - पोस्टर रचना (5 to 10 Class )

जून 19 - वाचन दिवस - वाचन काई का वाचन, वाचन का महत्व (Hindi Assembly)

जुलाई 31 - प्रेमचंद पयंती - उपन्पासों का परिचय, मूशी प्रेमचंद की जीवनी का परिचय (Hindi Assembly)

अगस्त 15 - सवतंत्तता दिवस संकेत पर तैयार करना देशभक्ति गीत गाना (Hindi Club)

सितंबर 14 - हिंदी दिवस - पोस्टर बनाना, कवितालापन चित्र रचना (Hindi Club)

अक्तूबर 2 - गाँधी जयंती - भाषण देना, पोस्टर बनाना (Hindi Club)

नवंबर 14 - बाल दिवस - पोस्टर बनाना (5 to 10 Class)

जनवरी 26 - गणतंत्त दिवस पोस्टर रचना, भाषण देना (Hindi Club)

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 26

**സയൻസ്** **ക്ലാസ് :**

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കുട്ടികളിൽ ശാസ്ത്രാഭി രുചി വളർത്തൽ | ശാസ്ത്രതത്വങ്ങൾ, ലളിതമായ പരീക്ഷണങ്ങൾ ശാസ്ത്രക്വിസ് ശാസ്ത്രക്വിസ് ശാസ്ത്രനാടകം പൊതു സമൂഹത്തിന് മുന്നിൽ പ്രദർശിപ്പക്കൽ | ഒരു വർഷം | സയൻസ് ക്ലബ്ബ് സയൻസ് ടീച്ചർ | പി.ടി.എ |
| 2 | ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കൽപൂർണ്ണതയിൽ എത്തിക്കുക | കുട്ടികളുടെ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധ മായ വിവരങ്ങൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്ര മാസിത, ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കൽ | ആറുമാസ ത്തിൽ ഒരിക്കൽ | SRG സയൻസ് ക്ലബ്ബ് | സയൻസ് ടീച്ചേഴ്സ് |
| 3 | പരീക്ഷണോൽസവം സംഘടിപ്പിക്കൽ എല്ലാ കുട്ടികളിലും ശാസ്ത്രാ ഭിമുഖ്യം വളർത്തൽ | എല്ലാ കുട്ടികളെയും പങ്കെടുത്ത് കൊണ്ട് പരീക്ഷണങ്ങളിൽ ഏർപ്പെടാനും നിരീക്ഷിച്ച് നിഗമനത്തിലെത്താനും അവസരമൊരുക്കൽ | ഒക്ടോബർ<br>35 മിനിട്ട് | SRG സയൻസ് ക്ലബ്ബ് | |
| 4 | പഠന പിന്നോക്കാവസ്ഥ യിലുള്ള കുട്ടികൾക്ക് പ്രത്യേകം പരിശീലനം | അധ്യാപകൻ – കുട്ടി<br>കുട്ടി – കുട്ടി (Peer Group) എന്നിങ്ങനെ പരിശീലനം | | | |
| 5 | മോഡൽ നിർമ്മാണം | ഭൗതികശാസ്ത്രം, രസതന്ത്രം ജീവശാസ്ത്രവു മായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയി ലൂടെ നിർമ്മിക്കൽ | ഒരു വർഷം | സയൻസ് ടീച്ചേഴ്സ് | |

| | | | | |
|---|---|---|---|---|
| 6 | ചോദ്യപേപ്പർ നിർമ്മാണം | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ നിർമ്മിക്കൽ. ഇവ NAS പോലുള്ള പരീക്ഷകളുടെ പരിശീലനത്തിന് പ്രയോജനപ്പെടുത്തൽ | ഒരു വർഷം | സയൻസ് ടീച്ചേഴ്സ് |
| 7 | ഹൈടെക് വേൾഡ്- ICT സാധ്യതയും അക്കാദമിക് തീയറ്റർ ഉപയോഗിച്ചുള്ള പഠനവും സാധ്യതമാക്കൽ | പഠനപ്രവർത്തനങ്ങളിൽ കൂടുതൽ വ്യക്ത വരുത്തുന്നതിനായി അക്കാഡമിക് തീയറ്റും ICT സാധ്യതയും പ്രയോജനപ്പെടുത്തൽ | ഒരു വർഷം | സയൻസ് ക്ലബ്ബ് സയൻസ് ടീച്ചേഴ്സ് |
| 8 | പേപ്പർ ബാഗ്, പേപ്പർ പെൻ നിർമ്മാണം | പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കാൻ വേണ്ടിയുള്ള പ്രവർത്തനം - കുട്ടികളുടെ പ്രാധാന്യത്തോടെ | ഒരു മാസം | Eco-Club Eco-Club Teacher |
| 9 | ശാസ്ത്രപഠനം രസകരമാക്കൽ | വി.എസ്.എസ്.സി, പ്ലാനറ്റേറിയം ടെസ്ലാപാർക്ക് തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠന യാത്രകൾ | പ്രതിവർഷം 2 വർഷം | 1 0000/- |
| 10 | ശാസ്ത്രം പ്രവർത്തന മാണെന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്രമേഖലയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം ഉറപ്പാക്കൽ | വർഷത്തിൽ ഒന്ന് | സയൻസ് ക്ലബ്ബ് 5000/- |
| 11 | കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക | ശാസ്ത്ര തത്വങ്ങൾ എളുപ്പം മനസ്സിലാക്കുവാൻ ഉപകരിക്കുന്ന രസകരമായ ലഘു പരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കണം | മധ്യകാലം | സയൻസ് ക്ലബ്ബ് |

| | | | | | |
|---|---|---|---|---|---|
| 12 | ഫാസ്റ്റ് ഫുഡിന്റെ ഗുണ ദോഷങ്ങളെ കുറിച്ച് നിഗമനങ്ങൾ രൂപപ്പെടു ത്തൽ | കടകളിൽ നിന്നും വാങ്ങുന്നതും വീട്ടിൽ ഉണ്ടാ ക്കുന്നതുമായ വിവിധ ഫാസ്റ്റ് ഫുഡുകൾ പട്ടിക പ്പെടുത്തുന്നു. ഓരോന്നിലും ചേർക്കുന്ന വസ്തു ക്കൾ ഉൾപ്പെടുത്തി പതിപ്പു തയ്യാറാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ. ജി സയൻസ് അധ്യാപിക | |
| 13 | ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള ശേഷി കുറവ് പരിഹരിക്കൽ | വ്യക്തിഗതവും ഗ്രൂപ്പായും ശാസ്ത്ര ഉപകരണ ങ്ങൾ നൽകി കൊണ്ട് ശാസ്ത്ര പരീക്ഷണ ങ്ങൾ ആസൂത്രണം ചെയ്യുന്നു | ദീർഘ കാലം | അധ്യാപകർ, വിദ്യർത്ഥി | |
| 14 | ശാസ്ത്രീയ അറിവുകൾ പ്രായോഗിക തലത്തിൽ പ്രയോജനപ്പെടുത്താ നുള്ള കഴിവ് ഉണ്ടാക്കൽ | ഉപകരണ നിർമ്മാണം അറിവുകൾ സന്ദർഭങ്ങൾക്കനുസരിച്ച് പ്രയോജനപ്പെടു ത്താനുള്ള പ്രവർത്തനങ്ങൾ നിത്യജീവിത ത്തിലെ സന്ദർഭങ്ങൾ ശാസ്ത്രവുമായി ബന്ധപ്പെടുത്തൽ | മധ്യാകാലം | എസ്.ആർ.ജി | |
| 15 | ആനുകാലിക ശാസ്ത്ര സംഭവങ്ങളുടെ അറിവി ല്ലായ്മ പരിഹരിക്കൽ | ശാസ്ത്രമേളകൾ സംഘടിപ്പിക്കൽ ശാസ്ത്ര വായന, പത്രവായന ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ | | | |
| 16 | പ്രകൃതിയുമായി ഇണ ങ്ങി ജീവിക്കുവാനുള്ള മനോഭാവം വളർത്തി യെടുക്കൽ | ഔഷധസസ്യങ്ങളുടെ ശേഖരണവും തോട്ട നിർമ്മാണവും കാർഷികദിനവും പരിസ്ഥിതി ദിനവും ആചരിക്കൽ, വൃക്ഷ തൈകൾ വിതരണം | | | |
| 17 | ഐ.സി.റ്റി. സാദ്ധ്യത | പാഠഭാഗവുമായി ബന്ധപ്പെട്ട ഭാഗങ്ങൾ വീഡിയോ, പരീക്ഷണം തുടങ്ങിയവയിലൂടെ ഐ.സി.റ്റി സാദ്ധ്യത പ്രയോജനപ്പെനടുത്തി വിനിമയം ചെയ്യൽ GPeidic, Chemtool, PhET എന്നിവയുടെ സഹായത്തോടെ വിനിമയം ചെയ്യൽ | | | |

# പ്രോജക്ട് - ശാസ്ത്രം

**പ്രോജക്ട് - 3**

പരീക്ഷണം ഉത്സവം സംഘടിപ്പിക്കൽ

**ലക്ഷ്യങ്ങൾ**

ശാസ്ത്രത്തിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണതയിൽ എത്തിക്കുക. ശാസ്ത്ര ചിന്ത, ശാസ്ത്ര നൈപുണി, എൻക്വയറി സ്കിൽ ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.. ശാസ്ത്രപഠന ശേഷി വികസിപ്പിക്കുക.

**പ്രവർത്തനങ്ങൾ**

1. ഹൈഡ്രജൻ നിർമ്മാണം (ലോഹങ്ങൾ)

   **സാമഗ്രികൾ :** കോണിക്കൽ ഫ്ളാസ്ക് HCl, Mg, ബലൂൺ

2. ലോഹങ്ങളും ജലവുമായുള്ള പ്രവർത്തനം (ലോഹങ്ങൾ)

   **സാമഗ്രികൾ :** ടെസ്റ്റ്യൂബ്, ജലം, Na, Mgഫിനോഫ്ത്താലീൻ

3. വേദനയില്ലാത്ത രക്തം എടുക്കാം (രാസസന്തുലനം)

   **സാമഗ്രികൾ :** $FeNO_3$, KCNS, ബീക്കർ

4. ദർപ്പണം ഉപയോഗിച്ചുള്ള പ്രതിബിംബ രൂപീകരണം (പ്രകാശ പ്രതിപതനം)

   **സാമഗ്രികൾ :** കോൺകേവ്, കോൺവെക്സ് മിറർ, സ്റ്റാന്റ്, മെഴുകുതിരി

5. ലെൻസ് ഉപയോഗിച്ചുള്ള പ്രതിബിംബ രൂപീകരണം

   **സാമഗ്രികൾ** : കോൺകേവ്, കോൺവെക്സ് ലെൻസ്, മെഴുകുതിരി, സ്റ്റാന്റ്

6. സർക്യൂട്ട് നിർമ്മാണം (പവർ പ്രേക്ഷണവും വിതരണവും)

   **സാമഗ്രികൾ :** തടി ഫ്രെയിം, കണക്ടിങ് വയർ, ബാറ്ററി, ബൾബ് സ്വിച്ച്

7. ഗ്ലൂക്കോസ് ലായനിയിലെ പഞ്ചസാരയുടെ അളവ്

**സാമഗ്രികൾ :** ബെനടിക്ട് ലായനി, ഗ്ലൂക്കോസ്, ടെസ്റ്റ് ട്യൂബുകൾ

8. ലവണങ്ങളായ സൾഫേറ്റുകൾ, നൈട്രേറ്റുകൾ, ക്ലോറൈഡുകൾ, കാർബണേറ്റുകൾ എന്നിവ തിരിച്ചറിയാൻ

**സാമഗ്രികൾ :** ലവണ ലായനി, HCl, $PaCl_2$ ലായനി, അമോണിയം ഹൈഡ്രോക്സൈഡ്, സൾഫ്യൂറിക് ആസിഡ്

9. മൈക്രോസ്കോപ്പു ഉപയോഗിച്ച് കോശത്തിന്റെ ഘടന മനസ്സിലാക്കുന്നു

**സാമഗ്രികൾ :** ഉള്ളിത്തൊലി, കാണ്ഡം, ജലം, സ്റ്റെയ്ൻ

10. മൈക്രോസ്കോപ്പുപയോഗിച്ച് ആസ്യരന്ധ്രം നിരീക്ഷണം

**സാമഗ്രികൾ :** മൈക്രേസ്കോപ്പ്, വെറ്റില, സ്റ്റെയ്ൻ

11. മൈക്രോസ്കോപ്പുപയോഗിച്ച് സൂക്ഷ്മജീവികളുടെ നിരീക്ഷണം

**സാമഗ്രികൾ :** മൈക്രേസ്കോപ്പ് , മലിനജലം, സ്ലൈഡ്

12. സസ്യങ്ങളിലെ സംവഹന കലകളായ സൈലം, ഫ്ലോയം എന്നിവയുടെ നിരീക്ഷണം, ഘടന, ധർമ്മം എന്നിവ മനസ്സിലാക്കൽ

13. ആഴം കൂടുന്തോറും ദ്രാവകമർദ്ദം കൂടുന്നുവെന്ന് മനസ്സിലാക്കുന്ന പരീക്ഷണവും

**സാമഗ്രികൾ :** മൂന്നു സുഷിരങ്ങൾ ഒരേ വശത്തായി ഇട്ട കുപ്പി, ജലം

14. പതനകോൺ : പ്രതിപതനകോൺ, ഇവ തുല്യമാണെന്നു മനസ്സിലാക്കുന്ന പരീക്ഷണം

**സാമഗ്രികൾ :** ലേസർ, പൊട്രാക്ടർ, സ്ക്രീൻ

15. പ്രകാശം ഘടക വർണ്ണങ്ങളായ മാറുന്നു

**സാമഗ്രികൾ :** പ്രിസം, ടോർച്ച്, സ്ക്രീൻ

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 26

**സയൻസ് യു.പി തലം** **ക്ലാസ് :**

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കൃഷിയിൽ താത്പര്യം ഉണ്ടാക്കുക. | വിത്തിനങ്ങൾ മുളയ്ക്കാനാവശ്യമായ ദിവസം കണ്ടെത്തൽ അതുവഴി വിത്തു മുളയയ്ക്കാനാവശ്യമായ ഘടകങ്ങൾ ഇവയുടെ പരിചയപ്പെടൽ | ഒരാഴ്ച | 5 | |
| 2 | ശാസ്ത്ര ചിന്ത ശാസ്ത്രബോധം ശാസ്ത്ര നൈപുണ്യ എത്തിക്കുക | കർഷകശ്രീ, ശാസ്ത്ര കേരളം, റീഡേഴ്സ് ഡയജസ്റ്റ്, ശാസ്ത്ര ലേഖനങ്ങൾ, യുയീക്ക തുടങ്ങിയ പ്രസിദ്ധീകരണങ്ങളുടെ ശേഖരണവും | മധ്യകാലം | 5, 6, 7 | |
| 3 | ശാസ്ത്രപഠനത്തെ സാമൂഹിക മുന്നേറ്റത്തിന് പ്രയോജനപ്പെടുത്താനുള്ള മനോഭാവം വളർത്തുക | പ്ലാസ്റ്റിക്കിന്റെ ദുരുപയോഗം തടയൽ, ആഹാര പദാർത്ഥങ്ങളിലെ മായം ചേർക്കൽ, കൊതുകു ജന്യ രോഗങ്ങളുടെ നിർമാർജ്ജനം, പരിസര മലിനീകരണം ഒഴിവാക്കൽ, ജലത്തിന്റെ ദുരുപയോഗം കുറയ്ക്കൽ, ജലസംരക്ഷണം, മഴവെള്ള സംഭരണി നിർമ്മാണം | 1 വർഷം | 5, 6, 7 | |
| 4 | ശാസ്ത്ര പഠനത്തിൽ ഐ.റ്റിയുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക | വീഡിയോസ്, ഇമേജ് എന്നിവ കുട്ടികളെ കൊണ്ടു തന്നെ തയ്യാറാക്കി അവതരിപ്പിക്കുക | 4 വർഷം | 7 | ശാസ്ത്ര അധ്യാപകർ, ശാസ്ത്ര ക്ലബ്ബ് അംഗങ്ങൾ |

| | | | | | |
|---|---|---|---|---|---|
| 5 | CWAN കുട്ടികളെ നേർധാരയിൽ എത്തിക്കുക | അങ്ങനെയുള്ള കുട്ടികൾക്ക് കൂടുതൽ കരുതൽ കൊടുക്കുക, ക്ലാസ്സ് റൂം പ്രവർത്തനങ്ങളിൽ പങ്കാളാകാൻ അവരെ പ്രാപ്തരാക്കുക, ചെറുചിത്രങ്ങൾ വരപ്പിക്കുക, സർഗ്ഗശേഷി കണ്ടെത്തി പ്രോത്സാഹിപ്പിക്കുക | | | |
| 6 | ശാസ്ത്ര നിപൂണ ശേഷി വികസിപ്പിക്കുക | ലഘുപരീക്ഷണങ്ങൾ, മൈക്രോസ്കോപ്പിന്റെ സഹായത്തോടെ ഇലയിലെ സ്റ്റെമാറ്റയുടെ ഘടന മനസ്സിലാക്കുക.<br>മൈക്രോസ്കോപ്പിലൂടെയുള്ള കോശനിരീക്ഷ ണം (ഇല, കാണ്ഡം, വേര്) കോശത്തിന്റെ മാതൃക നിർമ്മാണം സിസോ നിർമ്മാണം (ആവശ്യസാധനങ്ങൾ ലോങ്ങ് റൂളർ, ഒഴിഞ്ഞ തീപ്പെട്ടിക്കൂട്, 6 ഗോലി, പെൻസിൽ, ഡബിൾ സൈഡസ് ടേപ്പ്) മൈക്രോസ്കോപ്പിലൂടെയുള്ള സൂക്ഷ്മ ജീവികളുടെ നിരീക്ഷണം | | 5<br>6<br>6<br>6 | |
| 7 | ശാസ്ത്ര നിരൂപണ ശേഷി വികസിപ്പിക്കുക | ശാസ്ത്രജ്ഞന്മാതെക്കുറിച്ചുള്ള വിവരണശേഖരണം നൽകുന്നു. | 3 മാസം | 7 | |
| 8 | പാരിസ്ഥിതിക അവ ബോധം വളർത്തുക | പ്ലാസ്റ്റിക്കുകൾ ശേഖരിച്ച് റിസൈക്ലിംഗിനായി സായിഗ്രാമിൽ കൊടുത്ത് അയക്കൽ, ഔഷധ സസ്യതോട്ട നിർമ്മാണം, പച്ചക്കറിത്തോട്ടം കൊതുക് നിർമ്മാജനം | 6 മാസം | 5, 6, 7 | ശാസ്ത്ര അധ്യാപകൻ എച്ച്.എം.ശാസ്ത്ര ക്ലബ്ബ് അംഗങ്ങൾ |

| | | | | | |
|---|---|---|---|---|---|
| 9 | പാർശ്വവത്ക്കരിക്കപ്പെട്ട കുട്ടികളെ നേർധാരയിൽ എത്തിക്കുക | രക്ഷകർത്താക്കൾക്കും കുട്ടികൾക്കും കൗൺസിലിംഗ്, സ്നേഹത്തോടെ കുട്ടികൾക്ക് കരുതൽ കൊടുക്കുക, പഠനത്തിൽ കൈത്താങ്ങ് കൊടുക്കുക | 6 മാസം | 5, 6, 7 | ശാസ്ത്ര അധ്യാപകൻ എച്ച്.എം. പി.റ്റി.എ.ബി ആർ.സി |
| 10 | ശാസ്ത്ര പഠനശേഷി വികസിപ്പിക്കുക | ജ്യോതിശാസ്ത്രത്തിൽ ക്വിസ് പ്രോഗ്രാം സംഘടിപ്പിക്കു.തിനാവശ്യമായ ചോദ്യാവലി തയ്യാറാക്കുക. | 2 ആഴ്ച | 6 | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 26 (ഹൈസ്കൂൾ)

**ഗണിതം** **ക്ലാസ് :**

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ആശയ ധാരണ കൈവരിക്കൽ | ഒപ്പത്തിനൊപ്പം, പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2 | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേഴ്സ് ഗ്രാന്റ് |
| 3 | ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ഒരു ടേമിൽ ഒന്ന് | അധ്യാപകർ പി.ടി.എ | പി.ടി.എ |
| 4 | ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു. ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ ഗണകിത ക്ലബ്ബ് | പി.ടി.എ |
| 5 | സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ സംഘ തലവൻ | |

| | | | | | |
|---|---|---|---|---|---|
| 6 | അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർപഠനം സാധ്യമാക്കി കുട്ടികളിൽഅടിസ്ഥാനം ഉറപ്പിക്കുന്നു | വിഷയ സമിതിയുടെ മികച്ച പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം, തുടർ പ്രവർത്തനം അധ്യാപകർ | വിഷയ സമിതി കൺവീനർ, മുതിർന്ന | |
| 7 | ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ഗ്രാമം കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ച കളിലും മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ് മാനേജ്മെന്റ് |
| 8 | ഗണിത മത്സരവേദിയിലേക്ക് മേളകളിൽ ഊർജ്ജ സ്വലത കൈവരിക്കൽ | ഗണിത ക്ലബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രറി അധ്യാപകൻ പി.ടി.എ | പി.ടി.എ |
| 9 | ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | മെയ്/ജൂൺ | ക്ലബ്ബ് സെക്രട്ടറി അധ്യാപകർ പി.ടി.എ | പി.ടി.എ |
| 10. | രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു. | എല്ലാ അധ്യാപകരും | അധ്യാപകർ എച്ച്.എം പി.ടി.എ പ്രസിഡന്റ് | പി.ടി.എ |

| | | | | | | |
|---|---|---|---|---|---|---|
| 11 | ഗണിതപരമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കാൻ | അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തുന്നു പ്രീ-ടെസ്റ്റ്, മൂല്യ നിർണ്ണയം റിസൾട്ട് രേഖപ്പെടുത്തുന്നു. റിപ്പോർട്ട് തയ്യാറാക്കുന്നു. SRG യിൽ അവതരണം സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനം അബാക്സ്, സംഖ്യാകിറ്റുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രവർത്തനം 1 മുതൽ 9 വരെയുള്ള അക്കങ്ങൾ ഉപയോഗിച്ച് മൂന്നക്ക സംഖ്യകളും നാലക്കസംഖ്യകളും ഉണ്ടാകുന്നതിനുള്ള പ്രവർത്തനം മനകണക്കായി രണ്ടക്ക സംഖ്യകൾ കൂട്ടുന്നതിനും കുറക്കുന്നതിനുമുള്ള പ്രവർത്തനം മാന്ത്രിക ചതുരങ്ങൾ നൽകി ഒഴിഞ്ഞു കിടക്കുന്ന കളങ്ങളിലെ സംഖ്യകൾ കണ്ടെത്തുന്ന പ്രവർത്തനം | ജൂലൈ | 8–10 | | |
| 12 | ഗണിത പഠനത്തിന് ICT സാധ്യത പ്രയോജനപ്പെടുത്തുന്നതിനുള്ള ഒഴിവ് നേടുക. | Geogibra Software പരിചയപ്പെടുത്തുന്നു. നിർദ്ദിഷ്ട അളവിലുള്ള ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കാനുള്ള ശേഷി നേടുന്നു സമസ്ഥാനീയ കോണുകൾ, മറുകോണുകൾ എന്നിവയുടെ പ്രത്യേകതകൾ Geogibra ഉപയോഗിച്ച് ഉറപ്പിക്കുന്നു. | 2 മാസം | 5–4<br>5<br>6, 7<br>5–7 | 24 | അധ്യാപകൻ |

| | | | | | |
|---|---|---|---|---|---|
| | ബഹുഭുജം | UP resource ൽ ICT യുടെ ഉപയോഗം ഒരു സാമാന്തരികത്തിന്റെ വികർണ്ണങ്ങൾ പരസ് പരം സമഭാഗം ചെയ്യുന്നു എന്ന് സമർപ്പി ക്കുന്ന പ്രവർത്തനം<br>ബഹുഭുജം<br>വശങ്ങളുടെ എണ്ണം കൂടുന്നതിനനുസരിച്ച് ബഹുഭുജം വൃത്തമാകുന്ന പ്രവർത്തനം,<br>ഒരു ചതുർഭുജം ചക്രിയമാണോയെന്ന് പരിശോധിക്കുന്നതിനുള്ള പ്രവർത്തനം<br>ഓരോ ക്ലാസ്സിലെയും നാലിൽ ഒരു ഭാഗം കുട്ടികൾ ഗണിത ക്ലബ്ബിൽ അംഗങ്ങളായിരി രിക്കും. ക്ലബ്ബിലെ പ്രവർത്തനങ്ങൾ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി കൊണ്ട് ക്ലാസ്സ് തലത്തിലും സ്കൂൾ തലത്തിലും പരിപാടി കൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു. | 1 വർഷം<br>ജൂൺ<br>ഓഗസ്റ്റ് | 8<br>9<br>10<br>5-10 | എച്ച്.എം<br>അധ്യാപകർ<br>SRG |
| 13 | CWSN കുട്ടികൾ | CWSN കുട്ടികളെ ബി.ആർ.സി റിസോർസ് അധ്യാപകർ എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനം ആസൂത്രണം, നടപ്പിലാക്കൽ, പ്രോത്സാഹനം പ്രഗൽഭരുടെ സേവനം എന്നിവയാൽ നേർ ധാരയിൽ കൊണ്ടു വരുന്നു. | ലോംഗ് ടേം | 32<br>അധ്യാപകർ | പി.റ്റി.എ<br>പഞ്ചായത്ത് |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 26 (ഹൈസ്കൂൾ)

**സോഷ്യൽ സയൻസ്** **ക്ലാസ് :**

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | വ്യക്തി പരിചയം | വിവിധ മേഖലകളിൽ (ചരിത്രത്തിന് പ്രാധാന്യം)<br>പ്രശ്സതരായ വ്യക്തികളെ ക്ലാസ് തലത്തിൽ പരിചയപ്പെടുത്തുന്നു.<br>വർഷാവസാനം പുസ്തക രൂപത്തിലാക്കുന്നു | 1 വർഷം ഓരോ ആഴ്ചയിലും ക്ലാസ് തലം | 5–10 അധ്യാപകർ | |
| 2 | സ്ഥലപരിചയം | പ്രാദേശിക തലത്തിലോ സംസ്ഥാനതലത്തിലോ രാജ്യാന്തരതലത്തിലോ പ്രാധാന്യമർഹിക്കുന്ന ഒരു സ്ഥലം പരിചയപ്പെടുത്തുന്നു. | 1 മാസം | 5–10 അധ്യാപകർ | |
| 3 | Skit തയ്യാറാക്കൽ | യുദ്ധവിരുദ്ധ സന്ദേശം, ലഹരി വിരുദ്ധ സന്ദേശം ഇവ ഉൾക്കൊള്ളുന്ന തയ്യാറാക്കൽ, പ്രദർശനം | ക്ലബ്ബ് തല പ്രവർത്തനം | SRG<br>ടീച്ചർ | പി.ടി.എ |
| 4 | Field Trip (ചരിത്രാബോധമുള്ള കുട്ടികളെ സൃഷ്ടിക്കൽ. അളവുകൾ ഇവ പരിചയപ്പെടൽ | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുന്നതിന് വേണ്ടി ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ (പ്രാദേശികം) സന്ദർശിക്കൽ, യാത്രാ വിവരണം തയ്യാറാക്കൽ | 1 വർഷം | ടീച്ചർ<br>PTA<br>HM<br>SRG | പി.ടി.എ<br>ടീച്ചർ |
| 5 | സോഷ്യൽ സയൻസ് പഠനത്തിൽ ഐ.ടിയുടെ സാധ്യത പ്രയോജനപ്പെടു | വിവരശേഖരണം വിവിധ ഗോത്രവിഭാഗങ്ങൾ ഭാഷ, വേഷവിധാനം, ആഘോഷങ്ങൾ ജീവിതരീതികൾ തൊഴിൽ ആചാരനുഷ്ഠാന | 4 മാസം | 5–10 | പി.ടി.എ |

| | | | | | |
|---|---|---|---|---|---|
| | ത്താനുള്ള കഴിവ്<br>വിഷയം (പ്രോജക്റ്റ്)<br>ഗോത്രജനവിഭാവങ്ങളെ<br>ക്കുറിച്ച് കുട്ടികൾക്ക്<br>അറിവ് നൽകുന്നതിന്<br>സമൂഹത്തിന്റെ മുഖ്യ<br>ധാരയിലേക്ക് അവരെയും<br>കൊണ്ടുവന്ന എത്തിയ്<br>ക്കുന്നതിന്റെ ആവശ്യകത<br>ബോധ്യപ്പെടുന്നതിന്<br>സാമൂഹിക പാരിസ്ഥിതിക<br>ബോധം വളർത്തുക. | ങ്ങൾ ജനവിഭാഗങ്ങളെ അടുത്തറിയൽ<br>അഭിമുഖം<br>ജീവിതരീതികൾ അടുത്ത് അറിയൽ<br>ആൽബം നിർമ്മാണം (ഡിജിറ്റൽ)<br>ഇന്ന് ഇവർ നേരിടുന്ന പ്രതിസന്ധികൾ<br>ചൂഷണങ്ങൾക്കെതിരെ പോസ്റ്റർ, മുദ്രാ<br>ഗീതങ്ങൾ, പുതിയ നിർദ്ദേശങ്ങൾ | | HM<br>ടീച്ചർ<br>SRG | |
| 6 | സാമൂഹിക ശാസ്ത്രത്തിൽ<br>പിന്നോക്കം നിൽക്കുന്ന<br>കുട്ടികളെ കണ്ടെത്തി<br>പഠനശേഷി വികസി<br>പ്പിക്കുക. | സാമൂഹിക ശാസ്ത്ര പദങ്ങൾ ഉറപ്പിക്കൽ<br>ഫ്ളാഷ് കാർഡ് പദങ്ങൾ ഉറപ്പിക്കൽ<br>ഇന്ത്യ എന്റെ രാജ്യം എന്ന ആശയം<br>ഉറപ്പിക്കുന്ന വാക്യങ്ങൾ കണ്ടെത്തൽ<br>പത്ര കട്ടിംഗ് ശേഖരിക്കാൻ നൽകുന്നു<br>ചിത്രം, നൽകി, അടികുറിപ്പ് എഴുതാൻ<br>ആവശ്യപ്പെടുന്നു. ചരിത്ര പുരുഷന്മാർ<br>രാജാക്കന്മാർ എന്നിവരുടെ കഥാപുസ്ത<br>കങ്ങൾ വിതരണം, സി.ഡി പ്രദർശനം<br>കഥ പറയിക്കൽ ഭൂമിയുടെ അക്ഷാംശ | 1 വർഷം | അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | രേഖാംശങ്ങളെ പരിചയപ്പെടുത്തൽ,<br>സി.ഡി പ്രദർശനം, ചിത്രങ്ങൾ നിരീക്ഷിച്ച്<br>ഗ്രഹങ്ങളെ, കാറ്റുകൾക്ക് പേരു<br>ലഭിക്കാനുള്ള കാരണം കണ്ടെത്തൽ,<br>സംസ്ഥാനങ്ങൾ തിരിച്ചറിയൽ<br>മെമ്മറി കാർഡിന്റെ സഹായത്തോടെ | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 26 (ഹൈസ്കൂൾ)

**ഐ.റ്റി** **ക്ലാസ് :**

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | സമഗ്ര പോർട്ടലിലേക്ക് പരമാവധി പ്രവർത്തന ങ്ങൾ കൂട്ടിച്ചേർക്കൽ | ഐ.റ്റി @ സ്കൂളിന്റെ പോർട്ടലായ സമഗ്രയി ലേക്ക് വിഭവങ്ങൾ കൂട്ടിചേർക്കുന്നതിനായി എസ്.ഐ.റ്റി.സിയുടെ നേതൃത്വത്തിൽ ഓരോ വിഷയം പഠിപ്പിക്കുന്ന അധ്യാപകർ ഒരുമിച്ചി രുന്ന് പ്രവർത്തനങ്ങൾ കണ്ടെത്തൽ സമയ ലഭ്യത അനുസരിച്ച് | ഓരോ ടേമിലും ഒരു പ്രാവശ്യം | എസ്.ഐ റ്റി.സി അധ്യാപകർ | |
| 2 | സ്കൂൾ കുട്ടിക്കൂട്ടത്തിന് ഐ.റ്റിയിൽ പ്രാവീണ്യം നേടി കൊടുക്കൽ | സ്കൂളിന്റെ പേരിലുള്ള ബ്ലോഗിൽ തുടർപ്രവർ ത്തനങ്ങൾ സ്കൂൾ കുട്ടിക്കൂട്ടത്തെ പരിചയപ്പെടുത്തുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | എസ്.ഐ റ്റി.സി ലിറ്റിൽ കൈറ്റ്സ് | |
| 3 | ഐ.റ്റിയെ സമൂഹവു മായി ബന്ധപ്പെടു ത്തുന്നു. | സ്കൂൾ കുട്ടക്കൂട്ടത്തിന്റെ സഹായത്തോടെ രക്ഷിതാക്കൾക്ക് കമ്പ്യൂട്ടർ സാക്ഷരത കൊടുക്കുന്നു. | അവധി ദിവസങ്ങൾ | SITC, ISITC, സ്കൂൾ കുട്ടിക്കൂട്ടം | പി.ടി.എ |
| 4 | വീഡിയോ ഡോക്യുമെന്ററി കൾ തയ്യാറാക്കൽ പ്രാവീണ്യം നേടുന്നു. അളവുകൾ ഇവ പരിചയപ്പെടൽ സംഘബോധം ഉണ്ടാക്കൽ | വീഡിയോ എഡിറ്റിംഗ് സോഫ്ട് വെയർ പരി ചയപ്പെടുത്തുന്നു. ഓപ്പൺ ഷോർട്ട്, വീഡിയോ എഡിറ്റർ, വീഡിയോ ഭാഗങ്ങൾ ഉൾപ്പെടുത്തി ക്രമപ്പെടുത്തുന്നു. ആവശ്യമില്ലാത്ത ഭാഗങ്ങൾ ഒഴിവാക്കി വീഡിയോ സ്ട്രിപ്പുകൾ തമ്മിൽ കൂട്ടിച്ചേർക്കുന്ന സ്ഥാനത്ത് അനുയോജ്യമായ ട്രാൻസിഷനുകൾ നൽകി അനുയോജ്യമായ | | | |

| | | | | | |
|---|---|---|---|---|---|
| | | എഫക്റ്റുകൾ ചേർത്ത് പശ്ചാതല വിവരണം വീഡിയോ ഡോക്യുമെന്ററിയിൽ ഉൾപ്പെടുത്തി സോഫ്ട് വെയറിന്റെ സഹായത്തോടെ ഫയൽ ഫോർമാറ്റ് ചെയ്യുന്നു. സ്കൂളിൽ നടന്ന ഒരു പ്രധാന പരിപാടിയുടെ വീഡിയോ ഭാഗങ്ങളെ സോഫ്ട് വെയർ ഉപയോഗിച്ച് എഡിറ്റ് ചെയ്ത ഡോക്യുമെന്ററി തയ്യാറാക്കുന്നു. വീഡിയോ ഡോക്യുമെന്ററി നിർമ്മാണത്തിലെ പ്രധാന ഘട്ടങ്ങൾ. പല സ്ഥലങ്ങളിൽ ചിത്രീകരിച്ച ഫയലുകളെ ഒറ്റ ഫയൽ ആക്കി മാറ്റണം. പശ്ചാത്തല ശബ്ദംക്ക റ്റൈറ്റിലുകൾ, ട്രാൻസിഷൻ എഫക്ട്സ് എന്നിവ ഉൾപ്പെടുത്തണം.<br>വീഡിയോ ഡോക്യുമെന്ററി നിർമ്മാണ ത്തിലെ പ്രധാന ഘട്ടമാണ് ചിത്ര സംയോജനം | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 26 (ഹൈസ്കൂൾ)

**അറബിക്** **ക്ലാസ് :**

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ലക്ഷ്യം : അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പ്രത്യേക പരിപാടി | ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br>അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടറിലെ പെയിന്റിൽ അക്ഷരങ്ങൾ നൽകി കുട്ടികൾ നിറം നൽകുക. | 2<br>മാസം | പുസ്തകങ്ങൾ | ബി.ആർ.സി<br><br>ഡയറ്റ്<br>പൂർവ്വവിദ്യാർത്ഥികൾ |
| | | പ്രത്യേകം തയ്യാറാക്കിയ മോഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് അറബിക് മധുരം ക്ലാസ് നൽകുക<br>പ്രത്യേകം തയ്യാറാക്കിയ മോഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് അറബിക് മധുരം ക്ലാസ് നൽകുക. | കമ്പ്യൂട്ടർ | | |
| | വായനാലോകം<br>ലക്ഷ്യം : കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ നല്ല വായനക്കാരനാക്കുക | 1) തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി) പുസ്തകങ്ങൾ<br><br>ചിത്രകഥ (അറബിക്)<br>കഥപുസ്തകം (അറബിക്)<br>കുട്ടിക്കവിതകൾ (അറബിക്) | 6 മാസം | സ്കൂൾ ലൈബ്രറി | സമാഹരണം<br>അറബിക് അധ്യാപകർ<br>റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷ അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| | | ചെറിയ വിവരണ ബുക്കുകൾ (അറബിക്)<br>അറബിക് ക്വിസ്<br><br>2) ക്ലാസ് വായന ഓരോ അറബിക് പിരീഡിലും ആദ്യ-അഞ്ച് മിനിട്ടിൽ ഒരാൾ ഒരു ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക.<br>വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വയ്ക്കുക.<br>കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നൽകുക. | | ക്ലാസ് ലൈബ്രറി പുസ്തകൾ | ഭാഷാ സ്നേഹികൾ നാട്ടിലെ അറബി രാജ്യങ്ങളിൽ ജോലി ചെയ്യുന്ന വർ |
| 3 | പദപരിചയം :<br>ലക്ഷ്യം :<br>അറബിക് പരസമ്പത്ത് വർദ്ധിപ്പക്കൽ | ഒരു പദം പരിചയപ്പെടൽ :<br>അറബിക് അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവസവും രാവിലെ | ഒരു വർഷം | മൈക്ക് | |
| 4 | അറബിക് അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക | ഒരു വർഷം | സ്കൂൾ ഹാൾ | പൂർവ്വ വിദ്യാർത്ഥികൾ |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 26 (ഹൈസ്കൂൾ)

**പ്രവൃത്തി പരിചയം** **ക്ലാസ് :**

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | മാനവശേഷി വികസിപ്പിക്കൽ | വളർന്നു വരുന്ന കുട്ടികളുടെ മാനസിക പ്രയാസങ്ങളും, ടെൻഷനും ലഘൂകരിക്കുന്നതിന് പ്രവൃത്തി പഠനം വളരെയധികം സഹായിക്കും, സ്കൂളിന് പുറത്തു നിന്ന് നേടിയ ശേഷിയും നൈപുണ്യവും പ്രവൃത്തി പഠനത്തിലൂടെ മുന്നോട്ട് എത്തിക്കും. | ജൂൺ ഡിസംബർ | 5, 6, 7, 8 | അധ്യാപിക |
| | ലക്ഷ്യം : കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ നല്ല വായനക്കാരനാക്കുക | പുസ്തക ശേഖരം (അറബിക് ലൈബ്രറി) പുസ്തകങ്ങൾ<br><br>ചിത്രകഥ (അറബിക്)<br>കഥപുസ്തകം (അറബിക്) | | ലൈബ്രറി | അറബിക് അധ്യാപകർ റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷ |
| | | കുട്ടിക്കവിതകൾ (അറബിക്) | | | അധ്യാപകർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 26

**ഭൗതികം** **ക്ലാസ് :**

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- | --- |
| 1 | ഭൗതിക സൗകര്യം ഒരുക്കി അക്കാദമിക് പ്രവർത്തനം കാര്യക്ഷമാക്കൽ | മഴക്കാലത്ത് സുഖപ്രദമായ അന്തരീക്ഷത്തിൽ അസംബ്ലി ചേരുവാനുള്ള സൗകര്യങ്ങൾ ഒരുക്കൽ, അക്കദമിക തിയേറ്റർ ഉപയോഗിച്ച് കുട്ടികൾക്ക് മെച്ചപ്പെട്ട പഠനസൗകര്യം ഉറപ്പാക്കൽ | | മാനേജ്മെന്റ് പി.റ്റി.എ | 20 ലക്ഷം |
| 2 | ശുചിത്വം + ആരോഗ്യം പഠനം | ഡൈനിംഗ് ഹാൾ എന്നിവ ഒരുക്കൽ | 2 വർഷം | മാനേജ്മെന്റ് പി.റ്റി.എ | |
| 3 | ശുചിത്വമുള്ള അന്തരീക്ഷം | ജൈവ മാലിന്യ സംസ്കരണ യൂണിറ്റ് ബയോഗ്യാസ് പ്ലാന്റ്, മണ്ണിര കമ്പോസ്റ്റ് | മധ്യകാലം | എച്ച്.എം പി.റ്റി.എ | |
| 4 | ആരോഗ്യമുള്ള ശരീരവും മനസ്സും കുട്ടികൾക്ക് പ്രദാനം ചെയ്യൽ | വായുസഞ്ചാരമുള്ള ഒരു മുറി ആവശ്യമായ ഉപകരണങ്ങളോടെ യോഗ പരിശീലനത്തിന് സജ്ജമാക്കൽ | ആഴ്ചയിലൊരിക്കൽ | എച്ച്.എം പി.റ്റി.എ | |
| 5 | കളിസ്ഥല നിർമ്മാണം/ നവീകരണം | നിലവിലുള്ള കളിസ്ഥലങ്ങൾ നവീകരിക്കുകയും സ്കൂളിന്റെ സാഹചര്യത്തിനനുസരിച്ച് പുതിയ കളിസ്ഥലങ്ങൾ നിർമ്മിക്കുകയും ചെയ്യുന്നു. | 2 വർഷം | സ്കൂൾ മാനേജ്മെന്റ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ | 50,000/- |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 26

**സമൂഹികം** **ക്ലാസ് :**

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തൽ | രക്ഷാകർത്താക്കൾക്കു ഉപയോഗപ്രദമായ കൗൺസിലിംഗ് ക്ലാസ്സുകൾ ഒരുക്കൽ | ഹ്രസ്വകാലം | എച്ച്.എം<br>പി.റ്റി.എ<br>പഞ്ചായത്ത് | |
| 2 | വിദ്യാലയപ്രവർത്തന ങ്ങളിൽ മുതിർന്ന തലമുറ യുടെ പങ്കാളിത്തം ഉറ പ്പുവരുത്തുന്നു. | വിദ്യാലയ പരിസരത്തുള്ള പ്രായമുള്ളവരെ അതിഥികളായി സ്കൂളിലേക്ക് ക്ഷണിക്കുന്നു. അധ്യാപകരുടെ നേതൃത്വത്തിൽ കുട്ടികൾ ആശയവിനിമയം നടത്തി വിവരണം തയ്യാറാക്കുന്നു. | വാർഷികം | എച്ച്.എം<br>S.R.S.G | |
| 3 | വിദ്യാലയം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കൽ | വിദ്യാലയത്തിലെ അധ്യാപകരും ഇതര ജീവന ക്കാരും സമീപത്തുള്ള വൃദ്ധ സദനത്തിലെ അന്തേവാസികൾക്ക് 50 - ഓളം ഭക്ഷണ പ്പൊതികൾ (ഉച്ചഭക്ഷണം) എത്തിച്ചു കൊടുക്കുന്നു. | ഹ്രസ്വകാലം രണ്ടു പ്രാവശ്യം | ഗാന്ധി ദർശൻ | |
| 4 | കാർഷിക മേഖലയിലെ തൊഴിലുകളിൽ സ്കൂൾ കാർഷിക ക്ലബ്ബ് ഇടപെട്ട് സഹായം ചെയ്യുന്നു സ്കൂൾ | സ്കൂളിൽ രൂപീകരിച്ചിട്ടുള്ള കാർഷിക ക്ലബ്ബിലെ കുട്ടികൾ പ്രദേശത്തെ പാടശേഖര സമിതിയുമായി ബന്ധപ്പെട്ട് കാർഷിക പ്രവർത്ത നങ്ങളിൽ കർഷകരെ സഹായിക്കുന്നു | വർഷത്തിൽ 2 പ്രാവശ്യം | കാർഷിക ക്ലബ്ബ്, പാട ശേഖര സമിതി, കൃഷിഭവൻ | |

| | | | | | |
|---|---|---|---|---|---|
| 5 | പ്രദേശത്തെ ജലദൈർലഭ്യം നിലനിൽക്കുന്ന പ്രദേശങ്ങൾ കണ്ടെത്തി ജല ഉറവിടങ്ങളുടെയും നീർത്തടത്തിന്റെയും സംരക്ഷണം ഉറപ്പാക്കൽ | ജലദൈർലഭ്യം നിലനിൽക്കുന്ന പ്രദേശങ്ങൾ കണ്ടെത്തി ആ പ്രദേശത്തെ കിണറുകൾ , മറ്റ് നീർത്തടങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും കിണർ റീചാർജ്ജ് ചെയ്യുന്നതിനും വേണ്ട ബോധവൽക്കരണം നടത്തുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | പരിസ്ഥിതി ക്ലബ്ബ്, ഗ്രാമ പഞ്ചായത്ത് ജല അതോറിറ്റി | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 26

**കല** **ക്ലാസ് :**

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കലാമത്സരങ്ങളിൽ പരമാവധി പങ്കാളിത്തം | സ്കൂൾ തലത്തിൽ കലാമത്സരങ്ങൾ നടത്തുക. സബ്ജില്ലാ തലത്തിൽ പരമാവധി കുട്ടികളെ പങ്കാളികളാക്കുക, നാടകം, ദഫ്മുട്ട്, കോൽക്കളി തുടങ്ങിയ ഗ്രൂപ്പിനങ്ങളിൽ ഐ ഗ്രേഡ് നേടുവാനും കോൽ കളിയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കാനും സാധിച്ചു. മാപ്പിളപ്പാട്ട്, അറബിക് ഗാനം, ലളിതഗാനം തുടങ്ങിയ വ്യക്തി | 1 വർഷം | കല അധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 26

**ചിത്രരചന** **ക്ലാസ് :**

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കലാവാസനകളെ പരിപോഷിപ്പിക്കൽ | ചിത്രരചന പാടവമുള്ള കുട്ടികളിൽ ആ വാസന വികസിപ്പിക്കുന്നതിനായി ക്ലാസ്സ് തല പരിശീലനം<br>കുട്ടികളെ രചനാ മത്സരങ്ങളിൽ പങ്കെടുപ്പിക്കുക – സബ് ജില്ലാതലത്തിൽ പെൻസിൽ ഡ്രോയിംഗ് ജലഛായം, കാർട്ടൂൺ തുടങ്ങിയ വിഭാഗങ്ങളിൽ പങ്കെടുപ്പിക്കാനും ഗ്രേഡ് കരസ്ഥമാക്കാനും കഴിഞ്ഞു.<br>പാടാൻ കഴിവുള്ള കുട്ടികളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി ക്ലാസ്സ് തല പരിശീലനം<br>തെരഞ്ഞെടുത്ത കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു<br>കുട്ടികളെ സ്കൂൾ തലത്തിലും സബ്ജില്ലാ ജില്ലാ തലത്തിലും മത്സരങ്ങളിൽ പരമാവധി പങ്കെടുക്കുന്നു. | ദീർഘകാലം<br>ദീർഘകാലം | ചിത്രരചനാ അധ്യാപകർ<br>കലാ അധ്യാപകർ | പി.റ്റി.എ പഞ്ചായത്ത് |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 26

**ആരോഗ്യ കായിക വിദ്യാഭ്യാസം** **ക്ലാസ് :**

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | സ്പോർട്സ് ക്ലബ്ബ് രൂപീകരണം | സ്പോർട്സിൽ താത്പര്യമുള്ള കുട്ടികളെ കണ്ടെത്തി സ്പോർട്സ് ക്ലബ്ബ് രൂപീകരിക്കുന്നു. | ജൂൺ | ഹെഡ്മിസ്ട്രസ്, കായിക അധ്യാപകൻ എസ്.ആർ.ജി | |
| 2 | കായിക താരങ്ങളെ കണ്ടെത്തൽ | വിവിധ കായിക മത്സരങ്ങളിൽ പങ്കെടുക്കുവാൻ താത്പര്യവും ശേഷിയുമുള്ള കുട്ടികളെ കണ്ടെത്തുന്നു | ജൂൺ | കായിക അധ്യാപകൻ | |
| 3 | കായിക സമിതി രൂപീകരണം | പൂർവ്വ വിദ്യാർത്ഥികളായ കായിക താരങ്ങളെയും കായിക പ്രവർത്തകരെയും ഉൾപ്പെടുത്തി സ്കൂളിലെ കായിക പ്രവർത്തനങ്ങളിൽ ഇവരുടെ സേവനം ലഭ്യമാക്കുന്നു | ജൂൺ | ഹെഡ്മിസ്ട്രസ്, കായിക അധ്യാപകൻ പി.റ്റി.എ | |
| 4 | കായിക പരിശീലനം | വിവിധ കായികയിനങ്ങൾക്കായി തെരഞ്ഞെടുത്ത കുട്ടകെൾക്ക് രാവിലെയോ വൈതുന്നേരമോ കായിക പരിശീലനം നൽകുന്നു | പ്രതിവർഷ പരിപാടി | കായിക അധ്യാപകൻ സ്പോർട്സ് ക്ലബ്ബ്, കായിക സമിതി | |
| 5 | വ്യക്തി ശുചിത്വം പരിസര ശുചിത്വം ബോധവത്കരണം | വ്യക്തിശുചിത്വം/പരിസര ശുചിത്വം എന്നീ വിഷയങ്ങളിൽ ഒരു ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിക്കുകയും കൃത്യമായി ഇടവേളകളിൽ കുട്ടികളെ പരിശോധിക്കുകയും ചെയ്യുന്നു | ആഴ്ചയിലൊരിക്കൽ | കായിക അധ്യാപിക ക്ലാസ്സ് ടീച്ചർ ഹെൽത്ത്ക്ലബ്ബ് | |

| | | | | | |
|---|---|---|---|---|---|
| 6 | മികച്ച കായിക പരിശീല കരുടെ സേവനം | സ്പോർട്സ് കൗൺസിൽ, സമീപത്തുള്ള കായികാധ്യാപകർ, മുൻകായിക താര ങ്ങൾ എന്നിവരുടെ സേവനം കായിക പരിശീലനത്തിന് | 1 വർഷം | കായിക അധ്യാപകർ പി.റ്റി.എ | |